ഭരണഭാഷ – മാതൃഭാഷ

**ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.**
(ഹാജർ : ശ്രീ. ബി.റ്റി.വി കൃഷ്ണൻ, ബി.ടെക്)

**<u>ഉത്തരവ് : നമ്പർ ബി2/119/2020/സിഇ തീയതി : 11/09/2020</u>**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ-സർട്ടിഫിക്കറ്റ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :- അസാധാരണ ഗസറ്റ് (കേരള) നം. 2043 തീയതി. 09/09/2020.

ഈ വകുപ്പിൽ 2020 വർഷത്തേയ്ക്ക് ഒഴിവുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ (സിവിൽ - സർട്ടിഫിക്കറ്റ്) വിഭാഗത്തിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതിന് അനുയോജ്യരായ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തുകൊണ്ട് മേൽ പരാമർശ പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സിവിൽ (സർട്ടിഫിക്കറ്റ്) വിഭാഗത്തിൽ നിലവിലുള്ള രണ്ട് ഒഴിവുകളിൽ ബൈട്രാൻസ്ഫർ മുഖേന സ്ഥാനക്കയറ്റം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റിൽ കരുനാഗപ്പള്ളി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ പി.അനിൽകുമാർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.പി.ഹരിലാൽ എന്നിവരാണ് സീനിയറായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് കരുനാഗപ്പള്ളി സബ് ഡിവിഷനിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. പി.അനിൽകുമാറിനെ 39500-83000/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി കോഴിക്കോട് ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു. ടിയാൻ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

ഹാർബർ എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായ ശ്രീ.പി.ഹരിലാലിനെ 39500-83000/- രൂപ ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകി കാസർഗോഡ് സബ് ഡിവിഷൻ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ

നിയമിയ്ക്കുന്നു. ടിയാൻ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

1. ശ്രീ. പി.അനിൽകുമാർ, ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, കരുനാഗപ്പള്ളി സബ് ഡിവിഷൻ (ഓഫീസ് മേധാവി മുഖേന)
2. ശ്രീ.പി.ഹരിലാൽ, ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം

പകർപ്പ്:-1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മദ്ധ്യമേഖല/ഉത്തരമേഖല
2. എക്സിക്യൂട്ടീവ് എൻജിനീയർ, ആലപ്പുഴ/കോഴിക്കോട്/കാസർഗോഡ്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇൻവെസ്റ്റിഗേഷൻ / കാസർഗോഡ് സബ് ഡിവിഷൻ

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്